

Bamboo Innovation Center
വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ
KERALA STATE BAMBOO MISSION
KSBM
കേരള സംസ്ഥാന
ബാംബൂ മിഷൻ
www.keralabamboomission.org





KERALA STATE BAMBOO MISSION

KSBM

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുമുള്ള സംരംഭകത്വ പ്രക്രിയയും, പുതുമയും ത്വരിതപ്പെടുത്തുന്നതിനും വേണ്ടി 2003ൽ കേരള സംസ്ഥാന ബാംബൂ മിഷൻ വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിച്ച്, തിരുവനന്തപുരത്ത് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ചു വരുന്നു.

## കേരള സംസ്ഥാന ബാംബൂ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ

- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നു.
- കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നു.
- പരിശീലകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.
- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നു.
- പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു.
- മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നു.
- മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.
- വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് 2004 മുതൽ തുടർച്ചയായി സംസ്ഥാനത്ത് സംഘടിപ്പിക്കുന്നു.

## മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി

കേരളത്തിലെ വിവിധ ജില്ലകളിൽ മുള കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം ബാംബൂ ഗ്രൂപ്പ്, സ്വയം സഹായ സംഘങ്ങൾ, NGO മുഖേന നൽകുന്നു.

## നൈപുണ്യ വികസന പരിശീലന പരിപാടി

കേരളത്തിലെ മുള കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം, ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. മുള ഉപയോഗിച്ച് നൂതന ഗൃഹാലങ്കാരങ്ങൾ, വിവിധ തരം നെയ്ത്ത് ഉൽപ്പന്നങ്ങൾ, ജ്വവലറി, കളിപ്പാട്ടങ്ങൾ, ഫർണിച്ചർ എന്നീ വിഭാഗങ്ങളിലാണ് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ സ്ഥാപിച്ച ബാംബൂ ഇന്നവേഷൻ സെന്ററിൽ സംഘടിപ്പിക്കുന്നത്.







### പരിശീലകർക്കുള്ള പരിശീലന പരിപാടി

കേരള സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ബാംഗ്ലൂർ & അഹമ്മദാബാദ്; സെന്റർ ഫോർ ഇന്ത്യൻ ബാംബൂ റിസോഴ്സ് & ടെക്നോളജി, ഗുജറാത്ത്; ബാംബൂ & കെയ്ൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, അഗർത്തല, ത്രിപുര എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ മേഖലയിൽ നിന്നും തെരഞ്ഞെടുത്ത ബാംബൂ മിഷൻ കരകൗശല വിദഗ്ധർക്ക് പരിശീലനം നൽകി. ഇവരെ ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികളിൽ മാസ്റ്റർ ട്രെയിനേഴ്സാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

### പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ സഹകരണത്തോടു കൂടി മുള മേഖലയിലെ ആധുനികവും നൂതനവുമായ സാങ്കേതികവിദ്യ കരകൗശലക്കാർക്ക് പകർന്നു നൽകുന്നതിനും മുളമേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് പുതുമയുള്ളതും വ്യത്യസ്ഥവുമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു വരുന്നു.

### കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം

പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ ഉൽപ്പന്ന പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയശേഷം മൂല്യവർദ്ധിത ഉത്പാദനത്തിലേക്ക് നയിക്കുംവിധം അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകി വരുന്നു.

### വിവിധ ബോധവൽക്കരണ പരിപാടികൾ

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല പ്രവർത്തകർക്ക് വേണ്ടി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ വർക്ക്ഷോപ്പുകളും സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

### വാർഷിക മേളയായ
## കേരള ബാംബൂ ഫെസ്റ്റ്

മുളമേഖലയുടെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്. 2004 ൽ ആണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. എല്ലാ വർഷവും കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു.

മുളകരകൗശല പ്രവർത്തകർക്ക് അവരുടെ സ്വന്തം ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. മുള അധിഷ്ഠിത ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുള കരകൗശല വിദഗ്ധർ, ഗ്രൂപ്പുകൾ, എൻ.ജി.ഒ., സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.



## ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ പങ്കെടുപ്പിക്കുക

സംസ്ഥാനത്തെ മുളമേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ,സംരംഭകർ, എൻ.ജി.ഒ., എസ്.എച്ച്.ജി. എന്നിവരുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർ ദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ സംസ്ഥാനത്തെ മുള കരകൗശല പ്രവർത്തകരെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു.






## ബാംബൂ ഇന്നവേഷൻ സെന്റർ



സംസ്ഥാനത്ത് മുള മേഖലക്ക് വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, അങ്കമാലിയിലെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ 2016 ആഗസ്റ്റ് 16-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ മുളമേഖലയുടെ വികസനത്തിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിക്കുന്നത്. മുള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമുള്ള ഉപകരണങ്ങൾ, അത് ഉപയോഗിക്കുവാനും പഠിപ്പിക്കുവാനുമുള്ള സംവിധാനം എന്നിവ ബാംബൂ ഇന്നോവേഷൻ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഡിസൈൻ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡിസൈൻ ഡവലപമെന്റ് വർക്ക്ഷോപ്പുകളും സംഘടിപ്പിച്ച് വരുന്നു.

മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം, മുള അനുബന്ധിത മേഖലയിൽ സംരംഭകത്വം, മുള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് കേരള സംസ്ഥാന മിഷന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

## നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ

കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായ കേരള സംസ്ഥാന ബാംബൂ മിഷനാണ്. പുനഃസംഘടിപ്പിച്ച നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം കേന്ദ്ര വിഹിതം 60% വും സംസ്ഥാന വിഹിതം 40% മാണ്.

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, മുള സംസ്കരണവും സംരക്ഷണവും, ഉല്പന്ന നിർമ്മാണവും പ്രോസസ്സിംഗും, മുള വിപണന പ്രോൽസാഹനം, ടൂൾസ് & മെഷീനറി, നൈപുണ്യ വികസനവും ബോധവൽക്കരണ പരിപാടികൾ, റിസർച്ച് & ഡവലപ്മെന്റ് എന്നീ പ്രധാന വിഭാഗങ്ങളിലെ പദ്ധതികൾക്ക് വേണ്ടി നാഷണൽ ബാംബൂ മിഷനിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

## കരകൗശല പ്രവർത്തകർക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാം

കേരള സംസ്ഥാന ബാംബൂ മിഷൻ കേരളത്തിലെ മുള മേഖലയിലെ കരകൗശല പ്രവർത്തകർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. മുള, ഈറ്റ എന്നിവ ഉപയോഗിച്ച് കരകൗശല ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നവർക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**


**കേരള സംസ്ഥാന ബാംബൂ മിഷൻ**

(കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ)
2, വിദ്യാ നഗർ, പോലീസ് ഗ്രൗണ്ടിന് എതിർവശം
തൈക്കാട് പി.ഒ., തിരുവനന്തപുരം-695 014.
ഫോൺ: +91 471 2321882, 2322883
ഇമെയിൽ: info@keralabamboomission.org / kbip@keralaindustry.org
വെബ്: www.keralabamboomission.org / www.kbip.org